## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 540

09.02.2016-ൽ
മറുപടിയ്ക്ക്

## കിൻഫ്ര ഏറ്റെടുത്ത സ്ഥലത്തെ വ്യവസായ സംരംഭങ്ങൾ

| ചോദ്യം<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു റ്റി.തോമസ് | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | 1970-കളിൽ കോഴിക്കോട് സർവ്വകലാശാലയുടെ ആവശ്യത്തിന് വേണ്ടി അക്വയർ ചെയ്ത സ്ഥലത്തു നിന്നും 70 ഏക്കർ സ്ഥലം കിൻഫ്ര എങ്ങനെ, ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ; അതിന് വേണ്ടി സ്വീകരിക്കപ്പെട്ട ഭരണപരമായ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | കോഴിക്കോട് സർവ്വകലാശാലയുടെ അധീനതയിലുള്ള 28.58 ഹെക്ടർ ഭൂമി സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നം. 423/95/RD, തീയതി 25.08.1995 - ലെ ഉത്തരവ് പ്രകാരം കിൻഫ്രയ്ക്ക് 2,86,83,800/- രൂപയ്ക്ക് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ട്. |
| ബി) | കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് എന്തൊക്കെ വ്യവസായ സംരംഭങ്ങൾ ആരുടെയൊക്കെ ഉടമസ്ഥതയിൽ ആരംഭിച്ചു; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) | ടി ഭൂമിയിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| സി) | അവിടെ 2.25 ഏക്കർ സ്ഥലം പാട്ടത്തിനു കൊടുക്കാൻ 2.8.2012- | സി) | കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ നിക്ഷേപങ്ങൾ കൂടുതലുള്ള സംരംഭങ്ങൾക്ക് |

| | | | |
|---|---|---|---|
| | ന് കിൻഫ്ര ടെൻഡർ വിളിച്ചിരുന്നോ; എങ്കിൽ അപ്രകാരം ടെൻഡർ വിളിക്കാൻ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | വ്യവസായത്തിനായി ഭൂമി നൽകുമ്പോൾ Expression of Interest (EOI)/ Request for Information (RFI) ക്ഷണിച്ചും, വ്യക്തമായ മാനദണ്ഡങ്ങളുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സുതാര്യമായ നടപടി ക്രമങ്ങൾ പാലിച്ചാണ് സംരംഭകരെ തെരെഞ്ഞെടുത്ത് ഭൂമി അലോട്ട് ചെയ്യാറുള്ളത്. ടെൻഡറുകൾ വിളിക്കാറില്ല. ഇപ്രകാരം കിൻഫ്രയുടെ കാക്കാഞ്ചേരിയിലുള്ള ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ പൊതുവായ സോണിൽ ഉൾപ്പെടെ 2.25 ഏക്കർ ഭൂമി പാട്ടത്തിനു കൊടുക്കുവാൻ 2.8.2012 ന് ഒരു Request for Information (RFI) വ്യക്തമായ യോഗ്യതയും മാനദണ്ഡങ്ങളും പ്രതിപാദിച്ചു കൊണ്ട് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.<br>ആർ.എഫ്.ഐ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പ്രസ്തുത ആർ.എഫ്.ഐ -ൽ പങ്കെടുക്കുന്നത് സ്ഥാപനമോ കമ്പനിയോ വ്യവസായ സംരംഭകനോ ആയിരിക്കണം. കൂടാതെ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ അവർ കുറഞ്ഞത് 5 ലക്ഷം ചതു. അടി സ്ഥലം വികസിപ്പിച്ചിട്ടുണ്ടായിരിക്കണം.<br>2. അവരുടെ കുറഞ്ഞ സഞ്ചിത മൂല്യം (Minimum tangible networth) (ഓഡിറ്റ് ചെയ്തത്) മുൻ സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 കോടി രൂപ ആയിരിക്കണം.<br>3. മുൻ കാലത്തെ 3 സാമ്പത്തിക വർഷങ്ങളിൽ കമ്പനിയോ സ്ഥാപനമോ സാമ്പത്തിക നഷ്ടം ഉണ്ടാക്കരുത്.<br>4. ഇപ്രകാരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള മുൻകാല പരിചയവും വൈദഗ്ദ്ധ്യവും ആവശ്യമായിരിക്കണം. |
| ഡി) | ആരൊക്കെയാണ് ആ ടെൻഡറിൽ പങ്കെടുത്തതെന്നും | ഡി) | ആർ.എഫ്.ഐ ക്ഷണിക്കുകയും അതിൽ Malabar Gold Pvt. Ltd. എന്ന സ്ഥാപനം |

| | | | |
|---|---|---|---|
| | ടെൻഡർ അവാർഡ് ചെയ്യാൻ സ്വീകരിച്ച മാനദണ്ഡം എന്തെന്നും വ്യക്തമാക്കാമോ; | | മാത്രമെ വിശദമായ പ്രൊപോസൽ കിൻഫ്രയ്ക്ക് സമർപ്പിച്ചിരുന്നുള്ളൂ. ഇതേ തുടർന്ന് മാർച്ച് 22, 2013 -ൽ കിൻഫ്രയുടെ ബോർഡ് Malabar Gold Pvt. Ltd. എന്ന സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ വിലയിരുത്തുകയും ആർ.എഫ്.ഐ യിൽ പ്രതിപാദിച്ചിരുന്ന വ്യവസ്ഥകളിൽ Malabar Gold Pvt. Ltd. എന്ന സ്ഥാപനം യോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിലും കിൻഫ്ര ബോർഡ് 2.25 എക്കർ സ്ഥലം അലോട്ട്മെന്റ് നടപടിക്രമങ്ങൾ പാലിച്ച് 30 വർഷത്തെ പാട്ടവ്യവസ്ഥയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അലോട്ട് ചെയ്യാൻ തീരുമാനിച്ചു. |
| ഇ) | മലബാർ ഗോൾഡിന് അവിടെ സ്വർണ്ണാഭരണ നിർമ്മാണശാല സ്ഥാപിക്കാൻ സ്ഥലം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലം എന്ത് പാട്ട തുകയ്ക്ക് നൽകി എന്ന് വിശദമാക്കാമോ; | ഇ) | ഉണ്ട്; 2.25 എക്കർ സ്ഥലം ഏക്കർ ഒന്നിന് 1,38,21,000 രൂപ ലീസ് പ്രീമിയം പ്രകാരം പാട്ട വ്യവസ്ഥയിൽ ആണ് നൽകിയിരിക്കുന്നത്. |
| എഫ്) | മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണശാലയ്ക്കെതിരെ സമരം നടന്നുവരുന്നുണ്ടോ; എങ്കിൽ സമരക്കാരുടെ ആവശ്യം വ്യക്തമാക്കാമോ; | എഫ്) | ഉണ്ട്;<br>പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെക്കണം എന്നതാണ് ആവശ്യം. |
| ജി) | സമരക്കാരുമായി സർക്കാർ ഏതെങ്കിലും രീതിയിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ജി) | സമരവുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുമായി 2.5.2014 ൽ മലപ്പുറം ജില്ലാ കളക്ടർ യോഗം വിളിച്ചിരുന്നു. തുടർന്ന് 12.03.2015 ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ എല്ലാം തന്നെ Malabar Gold Pvt. Ltd. എന്ന സ്ഥാപനത്തിന്റെ പ്രതിനിധികൾ അവരുടെ കാക്കഞ്ചേരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആഭരണ നിർമ്മാണ ശാലയിലെ ഉല്പാദന |

| | | | |
|---|---|---|---|
| | | | പ്രക്രിയയുടെ ഓരോ നടപടിക്രമങ്ങളും വിശദമായി അവതരിപ്പിച്ചിരുന്നു.<br>21.03.2015 ലും 31.03.2015 ലും ബഹു. എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ മലപ്പുറം ജില്ലാ കളക്ടർ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിരുന്നു. 06.10.2015-ൽ തിരൂർ ആർ.ഡി.ഒ മറ്റൊരു മീറ്റിംഗും ഇതുമായി ബന്ധപ്പെട്ട് നടത്തിയിരുന്നു. |

**സെക്ഷൻ ഓഫീസർ**